പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 5 — 23.01.2018 — ൽ മറുപടിക്ക്

# റേഷൻ കാർഡ് വിതരണത്തിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>,, ജെയിംസ് മാത്യു<br>,, കാരാട്ട് റസാഖ്<br>,, ജോൺ ഫെർണാണ്ടസ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണന മുൻഗണനേതര റേഷൻ കാർഡുകൾ വിതരണം ചെയ്തതിൽ വ്യാപകമായി ഉണ്ടായ ക്രമക്കേടുകൾ സമയബന്ധിതമായി പരിഹരിച്ച് അർഹരായവർക്ക് സൗജന്യ നിരക്കിൽ ഭക്ഷ്യധാന്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ കാർഡുടമകൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും 01.11.2016 മുതൽ പ്രസ്തുത പട്ടിക പ്രകാരം റേഷൻ വിതരണം ആരംഭിക്കുകയും ചെയ്തു. ഈ കരട് പട്ടികയിന്മേൽ ലഭിച്ച പരാതികൾ പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത തീരുമാനത്തിൽ ആക്ഷേപമുള്ളവരുടെ പരാതി അപ്പീൽ കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും 01.06.2017 മുതൽ പ്രസ്തുത പട്ടികയുടെ അടിസ്ഥാനത്തിൽ റേഷൻ വിതരണം തുടർന്നു വരുകയും ചെയ്യുന്നു.<br><br>അന്തിമ ലിസ്റ്റ് പരിശോധിച്ചപ്പോൾ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 7,42,278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 5,67,009 അപേക്ഷകൾ റേഷൻ കട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. |

ബാക്കിയുള്ളത് ഇരട്ടിപ്പുള്ള അപേക്ഷകളും നേർക്കാഴ്ചയ്ക്ക് ഹാജരാകാത്തവയുമാണ്.

അനർഹരെ ഒഴിവാക്കുന്നതിനായി നടത്തിയ തീവ്ര പരിശ്രമത്തിന്റെ ഭാഗമായി സർവ്വീസ് പെൻഷൻകാരും സർക്കാർ ജീവനക്കാരും ഉൾപ്പെടെ 91,169 റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. വകുപ്പ് നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ രേഖകളുടേയും അടിസ്ഥാനത്തിൽ അനർഹരായ സർക്കാർ ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ 2,62,675 അനർഹരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. 2015 ലെ പി.ഡി.എസ് കൺട്രോൾ ഓർഡർ ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടിക ക്രമമായ കാലയളവിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(ബി) കാർഡിൽ ഉണ്ടായ തെറ്റുകൊണ്ടും പുതിയ കാർഡുകൾ നൽകാത്തതു കൊണ്ടും ചികിത്സാ ആനുകൂല്യം, ഭവനപദ്ധതി എന്നിവ മുടങ്ങുന്നത് പരിഹരിക്കുന്നതിനായി അടിയന്തരമായി ഇടപെടുമോ;

(ബി) അത്യാവശ്യ സാഹചര്യങ്ങളിൽ താൽക്കാലിക റേഷൻകാർഡുകൾ നൽകി വരുന്നുണ്ട്. തെറ്റുകൾ തിരുത്തി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) റേഷൻ വിതരണത്തിലെ തിരിമറി ഒഴിവാക്കുന്നതിനായി നടപ്പാക്കിയ ആധുനിക സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇവ എത്രമാത്രം ഫലപ്രദമായി നടക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ?

(സി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി 31.03.2018-നകം ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻസാധനങ്ങൾ എത്തിച്ച് വരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തിരം തയ്യാറാക്കി വരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് എസ്.എം.എസ്. സന്ദേശം നൽകി വരുന്നുണ്ട്. കൂടാതെ, പത്രപരസ്യവും നൽകി വരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിനുപരിയായി പൊതുവിതരണ സമ്പ്രദായത്തിനെ സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ